# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

25.01.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **973**

## കേരള വാട്ടർ അതോറിറ്റിക്ക് കിട്ടേണ്ട കടിശ്ശിക തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ട കടിശ്ശിക തുകയെത്ര എന്ന് അറിയിക്കാമോ; സർക്കാർ സ്ഥാപനങ്ങൾ/പൊതുമേഖല/വ്യവസായ സ്ഥാപനങ്ങൾ/ഹോട്ടലുകൾ(വൻകിട/മറ്റുള്ളവ)/ മറ്റ് പൊതു വിഭാഗം എന്നിവ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 955.36 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു.

| നം. | ഉപഭോക്താക്കൾ | രൂപ കോടിയിൽ |
|---|---|---|
| 1. | സർക്കാർ സ്ഥാപനങ്ങൾ | 312.21 |
| 2. | പൊതുമേഖല സ്ഥാപനങ്ങൾ | 293.44 |
| 3. | വ്യവസായ സ്ഥാപനങ്ങൾ | 47.44 |
| 4. | ഹോട്ടലുകൾ | 66.90 |
| 5. | മറ്റു പൊതു വിഭാഗം | 235.37 |
| | **ആകെ** | **955.36** |

പിരിച്ചെടുക്കുവാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

(ബി) ആയതിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്ത് തുക പിരിച്ചെടുത്തെന്നും ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഇത്തരത്തിൽ കടിശ്ശിക തുക എത്രയുണ്ടായി എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മുൻ വർഷങ്ങളിലെ കുടിശ്ശികയും തനത് വർഷത്തെ വാട്ടർ ചാർജ് ഇനത്തിലുമായി ആകെ 822.66 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം ഈ കാലയളവിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| നം. | ഉപഭോക്താക്കൾ | രൂപ കോടിയിൽ |
|---|---|---|
| 1. | സർക്കാർ സ്ഥാപനങ്ങൾ | 160.41 |
| 2. | പൊതുമേഖല സ്ഥാപനങ്ങൾ | 138.57 |
| 3. | വ്യവസായ സ്ഥാപനങ്ങൾ | 1.80 |
| 4. | ഹോട്ടലുകൾ | 21.81 |
| 5. | മറ്റു പൊതു വിഭാഗം | 110.20 |
| | **ആകെ** | **432.79** |

പിരിച്ചെടുക്കുവാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ് ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

(സി) അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി നിലവിലുള്ള കുടിശ്ശികകൾ പിരിച്ചെടുക്കാനായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

(സി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിയിരുന്നു. ഗവൺമെൻറ് അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാൻറ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ നൽകുകയും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ നേരിട്ടു പോയി കുടിശ്ശിക പിരിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.

കുടിശ്ശിക തവണകളായിട്ട് അടയ്ക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ കാംപെയിനുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉപഭോക്തക്കൾക്ക് നിലവിലുള്ള ഉത്തരവ് അനുസരിച്ച് കുടിശ്ശിക തവണകളാക്കി അടച്ചുതീർക്കാൻ അനുവദിക്കുന്നു. കൂടാതെ സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽ പ്പെടുത്തി പിരിച്ചെടുക്കാൻ ശ്രമിക്കുന്നുണ്ട്. പത്രമാദ്ധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും ചെയ്യാറുണ്ട് റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ